പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4409.

27.06.2013 ൽ മറുപടിക്ക്

## റേഷൻ വിഹിതം ലാപ്സായ സാഹചര്യം

**ചോദ്യം**

ശ്രീ. കെ.വി. വിജയദാസ് :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) രൂക്ഷമായ വിലക്കയറ്റം നേരിടുന്ന സാഹചര്യത്തിൽ കേന്ദ്രം അനുവദിച്ച അരി, ഗോതമ്പ് വിഹിതങ്ങൾ ലാപ്സായ കാരണം വിശദമാക്കുമോ;

(എ) കേന്ദ്രം സാധാരണ നിരക്കിൽ അനുവദിച്ച അരിയും ഗോതമ്പും പൂർണ്ണമായും വിട്ടെടുത്തിട്ടുണ്ട്. എന്നാൽ OMSS നിരക്കിൽ അനുവദിച്ച അരിയും ഗോതമ്പും യഥാസമയം വിട്ടെടുക്കാൻ സാധിച്ചിട്ടില്ല. 2012-13 വർഷത്തിൽ ഓണം സ്പെഷ്യലായി 60000 മെ.ടൺ അരിയും 30000 മെ.ടൺ ഗോതമ്പും OMSS നിരക്കിൽ അനുവദിക്കുകയുണ്ടായി. അരിയുടെ ചില്ലറ വില്പനവില 20.50 രൂപയും ഗോതമ്പിന്റേത് 19.00 രൂപയുമായിരുന്നു. ഇത്രയും ഉയർന്ന വിലയായതിനാൽ അനുവദിച്ച വിഹിതത്തിൽ നിന്ന് 5843 മെ.ടൺ അരിയും 152.5 മെ. ടൺ ഗോതമ്പും മാത്രമേ വിട്ടെടുത്തിട്ടുള്ളു. സംസ്ഥാന സർക്കാർ സബ്സിഡി നല്കി കിലോഗ്രാമിന് 1/-രൂപ നിരക്കിലും 2/-രൂപ നിരക്കിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. മുഴുവൻ ബി.പി.എൽ/എ.എ.വൈ. കുടുംബങ്ങൾക്കും 70% ത്തോളം എ.പി.എൽ കുടുംബങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. 1/-രൂപ 2/-രൂപ നിരക്കുകളിലും, 20.50 രൂപ നിരക്കിലും ഒരേ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് വിതരണം ചെയ്തുവരുന്നത്. തന്മൂലം ഉയർന്ന നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടെ ചെലവ് വളരെ കുറവാണ്. തന്മൂലമാണ് അനുവദിച്ച മുഴുവൻ വിഹിതവും വിട്ടെടുക്കാൻ സാധിക്കാത്തത്.

| | | | |
|---|---|---|---|
| (ബി) | അർഹതപ്പെട്ട ധാന്യങ്ങൾ വാങ്ങാത്തത് കുത്തകകളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയാത്തത് സർക്കാരിന്റെ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | വിലക്കയറ്റം നിയന്ത്രിക്കാൻ സാദ്ധ്യമായ നടപടികളെല്ലാം സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | മഴക്കാലം മുൻകൂട്ടിക്കണ്ട് ആവശ്യപ്പെടേണ്ടുന്ന സൗജന്യറേഷൻ ആനുകൂല്യങ്ങൾ മഴക്കാലം അരംഭിച്ചതിനുശേഷം ആവശ്യപ്പെട്ടത് സർക്കാരിന്റെ കെടുകാര്യസ്ഥത ആണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | മഴക്കാലത്തിനു മുൻപ് തന്നെ സംസ്ഥാനത്തിനാവശ്യമായ അധിക ഭക്ഷ്യധാന്യ വിഹിതം അനുവദിക്കുവാനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (എഫ്) | റേഷൻ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ജൂൺ 7-ന് അയച്ച കത്തിന്റെ തുടർ നടപടികൾ ത്വരിതപ്പെടുത്തി മൺസൂൺ കാലത്ത് തന്നെ ആവശ്യമായ റേഷൻ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ